"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് പൊതുഗ്രൗണ്ടിൽ 2025 ജനുവരി 10 മുതൽ നടക്കുന്ന അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റിന് വിനോദ നികുതി 20% ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.289/2025/LSGD തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം:-
1. തെരട്ടമ്മൽ ജനകീയം - അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് കമിറ്റി കൺവീനറുടെ നിവേദനം
2. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 29/11/2024 തീയതിയിലെ 2/2 നമ്പർ തിരുമാനം

**<u>ഉത്തരവ്</u>**

2025 ജനുവരി 10 മുതൽ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് പൊതുഗ്രൗണ്ടിൽ അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തി വരികയാണെന്നും ഉർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് പരിരക്ഷ പദ്ധതി , തെരട്ടമ്മൽ,പത്തനാപുരം പാലിയേറ്റീവ് കെയർ, ഏറനാട് ഡയാലിസിസ് സെന്റർ, ശിഹാബ് തങ്ങൾ ഡയാലിസിസ് സെന്റർ കൊണ്ടോട്ടി, നിർദ്ധന രോഗികൾക്കുള്ള ധനസഹായം, പാവപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പഠനസഹായം തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു വേണ്ടി ധനശേഖരാണർത്ഥവുമാണ് ടൂർണ്ണമെന്റ് സംഘടിപ്പിക്കുന്നതെന്നും മേൽ സാഹചര്യത്തിൽ പ്രസ്തുത ടൂർണ്ണമെന്റിനെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കണമെന്നും ടൂർണ്ണമെന്റ് കമ്മിറ്റി കൺവീനർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഈ വിഷയം പരിഗണിച്ച ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ഭരണ സമിതി സർക്കാർ അനുമതിക്ക് വിധേയമായി വിനോദ നികുതി ഒഴിവാക്കുന്നതിന് പരാമർശം 2 പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഈ വിഷയത്തിന്മേൽ പരാമർശം രണ്ട് പ്രകാരം ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ഭരണസമിതി കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് പൊതുഗ്രൗണ്ടിൽ 2025 ജനുവരി 10 മുതൽ നടക്കുന്ന അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റിന് ഈടാക്കുന്ന വിനോദ നികുതിക്ക്, വിനോദ നികുതി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കേണ്ടത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, Kerala Local Authorities Entertainment Tax Act, Section 7 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 20% ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാം എസ് എ

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ & പി. ആർ.ഡി - വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി (RC2/34/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 30-01-2025 15:33:30

സെക്ഷൻ ഓഫീസർ